"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണം - ട്രിഡ - മരാമത്ത് പ്രവർത്തികൾക്ക് സാങ്കേതികാനുമതി നൽകുന്നതിന് രൂപീകരിച്ച ടെക്നിക്കൽ കമ്മിറ്റിയിലെ സൂപ്രണ്ടിംഗ് എഞ്ചിനീയർ, PWD (ഇലക്ട്രിക്കൽ) എന്ന തസ്തികയുടെ പേര് മാറ്റി ചീഫ് ഇലക്ട്രിക്കൽ എഞ്ചിനീയർ എന്ന് ഭേദഗതി വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഐ.എ) വകുപ്പ്**

സ.ഉ.(സാധാ) നം.42/2025/LSGD തീയതി,തിരുവനന്തപുരം, 04-01-2025

---

പരാമർശം:-
1. സ.ഉ.(കൈ) നം.86/2014/PWD തീയതി 09.10.2014
2. സ.ഉ.(സാധാ) നം.2289/2024/തസ്വഭവ തീയതി 25.11.2024
3. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 12.12.2024 തീയതിയിലെ ഇ1/1246/2019/ട്രിഡ നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം വികസന അതോറിറ്റിയിലെ (ട്രിഡ) വട്ടിയൂർക്കാവ് ജംഗ്ഷൻ വികസന പദ്ധതികൾ പോലെ 250 ലക്ഷം രൂപക്ക് മുകളിൽ വരുന്ന മരാമത്ത് പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നല്കുന്നതിന് PWD (Building) Chief Engineer ചെയർമാനായുള്ള ഒരു ആറംഗ ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ച് പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. എന്നാൽ പ്രസ്തുത ടെക്നിക്കൽ കമ്മിറ്റിയിൽ ക്രമ നം.3 ആയി ഉൾപ്പെടുത്തിയിട്ടുള്ള സൂപ്രണ്ടിംഗ് എഞ്ചിനീയർ PWD (electrical) എന്ന തസ്തികയുടെ പേര് ചീഫ് ഇലക്ട്രിക്കൽ എഞ്ചിനീയർ എന്ന് പുനർനാമകരണം ചെയ്ത് പരാമർശം (1) പ്രകാരം ഉത്തരവായിട്ടുള്ളതിനാൽ പരാമർശം (2) ഉത്തരവിലും അപ്രകാരം ഭേദഗതി വരുത്തി ഉത്തരവാകണമെന്ന് പരാമർശം (3) പ്രകാരം ട്രിഡ സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം പരിശോധിച്ചു. ട്രിഡയിലെ മരാമത്ത് പ്രവൃത്തികൾക്ക് സാങ്കേതികാനുമതി നല്കുന്നതിന് രൂപീകരിച്ചിട്ടുള്ള ടെക്നിക്കൽ കമ്മിറ്റിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സൂപ്രണ്ടിംഗ് എഞ്ചിനീയർ PWD (electrical) എന്ന തസ്തികയുടെ പേര് ചീഫ് ഇലക്ട്രിക്കൽ എഞ്ചിനീയർ എന്ന് ഭേദഗതി വരുത്തി ഉത്തരവാകുന്നു.

3) പരാമർശം (2) ഉത്തരവ് മേൽ ഭേദഗതിയോടെ നിലനിൽക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
MANOJ T
ജോയിന്റ് സെക്രട്ടറി

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ജി.എസ്.എസ്.എ./ഇ & ആർ.എസ്.എ), കേരളം, തിരുവനന്തപുരം.

ധനവകുപ്പ് (WCD-3/171/2023-ധന(2503923), dated 13.11.2024)

എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫോർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.

വിവര-പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്.

സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി (IA4/208/2024-തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signed by
Vijitha M B
സെക്ഷൻ ഓഫീസർ
Date: 04-01-2025 13:05:28